## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2927** **07.12.2018-ലെ മറുപടി**

**സ്വകാര്യ വ്യക്തികൾ ലോറിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ:** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ വ്യക്തികൾ ലോറിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ജല അതോറിറ്റി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | എ) | ഇക്കാര്യം കേരള വാട്ടർ അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല . |
| ബി) കുടിവെള്ളം ശേഖരിക്കുന്ന ജല സ്രോതസ്സുകളുടെ വിവരം ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്വകാര്യ വിതരണക്കാർക്ക് ജല അതോറിറ്റി ഏതെങ്കിലും നടപടി ക്രമങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ ? | ബി) | സ്വകാര്യ വിതരണക്കാർ കുടിവെള്ളം ശേഖരിക്കുന്ന സ്വകാര്യ സ്രോതസ്സുകളുടെ വിവരം അറിയിക്കാനും വിതരണം ചെയ്യുന്നതിനും കേരള വാട്ടർ അതോറിറ്റി നടപടി ക്രമങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല .എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കുന്ന കുടിവെള്ളം എല്ലാവിധ പരിശോധ നകളും നടത്തിയ ശേഷമാണ് സ്വകാര്യ ടാങ്കറുകൾക്ക് കൊടുക്കുന്നത് .<br>കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വിവിധ വെൻഡിംഗ് പോയിന്റുകളിൽ നിന്ന് ജല ലഭ്യത അനുസരിച്ച് സ്വകാര്യ വ്യക്തികൾക്ക് ആവശ്യകത അനുസരിച്ച് ഒരു കിലോ ലിറ്ററിന് 60 രൂപ എന്ന നിരക്കിൽ കുടിവെള്ളം നൽകാറുണ്ട് . |

Renuka Sankar
സെക്ഷൻ ഓഫീസർ